# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2304
# 12/02/2020 ലെ മറുപടിക്ക്

**<u>എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് തുക</u>**

| | ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കേരളാ വാട്ടർ അതോറിറ്റിക്ക് തുക കൈമാറാത്തതു കാരണം കുടിവെള്ള പദ്ധതികൾ മുടങ്ങിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് സമയബന്ധിതമായി പണം അനുവദിച്ച് നൽകുന്നതിനുള്ള നടപടി ധനകാര്യ വകുപ്പ് സ്വീകരിച്ചു വന്നിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി സമർപ്പിക്കുന്ന ബില്ലുകൾക്ക് ജലവിഭവ വകുപ്പ് സെക്രട്ടറി നിയന്ത്രണാധികാരിയായിട്ടുള്ള '4215-01-800-93-Projects under LAC ADS (NP)' എന്ന ശീർഷകത്തിൽ നിന്നാണ് തുക അനുവദിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം (2019 - 20) മേൽ ശീർഷകത്തിൽ 20 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായതും ജലവിഭവ വകുപ്പ് പേയ്മെന്റിനായി ശിപാർശ ചെയ്തതുമായ ബില്ലുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 15 കോടി രൂപ റിലീസ് ചെയ്തു നൽകുന്നതിന് നടപ്പ് സാമ്പത്തിക വർഷം ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കേരളാ വാട്ടർ അതോറിറ്റി, എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള തുക കെട്ടിവയ്ക്കാത്തതു കാരണം പൊതുമരാമത്ത് വകുപ്പ് റോഡുകൾ കട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകാത്തതും കുഴിച്ച റോഡുകൾ തിരികെ ടാർ ചെയ്യുന്നതിനുള്ള കാലതാമസം സംഭവിക്കുന്നതും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | |
| (സി) | കേരളാ വാട്ടർ അതോറിറ്റി ആസ്തി വികസന പദ്ധതി അനുസരിച്ച് ആവശ്യമായ തുക സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തുക സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | |

**സെക്ഷൻ ഓഫീസർ**